# പതിമൂന്നാം കേരള നിയമസഭ
# ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1002 12/12/2012 ൽ മറുപടിയ്ക്ക്

## ഐസറ്റ്സിൽ പരിശീലനം ലഭിച്ചതും ഐ.എ.എസ്. ലഭിച്ചവരുടെയും വിശദാംശം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ബാലൻ | ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) പട്ടികജാതി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഐ.എ.എസ്. കോച്ചിംഗ് സെന്ററായ 'ഐസറ്റ്സ് ' എന്നാണ് ആരംഭിച്ചത്; ഇതുവരെ എത്ര പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്; അതിൽ എത്ര പേർക്ക് ഐ.എ.എസ് ലഭിച്ചിട്ടുണ്ട്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ 19/04/1989 – ൽ സ.ഉ(കൈ)നം.19/89/ പജപവവിവ. പ്രകാരം ഐ.എ.എസ്. കോച്ചിംഗ് സെന്റർ എന്ന പേരിൽ സ്ഥാപനം ആരംഭിച്ചു. 26/06/1993 -ൽ സ.ഉ(കൈ)നം.32/93/പജപവവിവ. പ്രകാരം ടി സ്ഥാപനം ഐസറ്റ്സ് എന്ന പേരിൽ സൊസൈറ്റിയായി രജിസ്റ്റർ ചെയ്യപ്പെട്ടു. ഒരു വർഷം 30 എന്ന നിരക്കിൽ ഇതുവരെ 690 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഇതിൽ ഒരാൾക്ക് ഐ.എ.എസ്. ലിഭിച്ചിട്ടുണ്ട്. 2010-11 വർഷത്തിൽ ശ്രീ. മിഥുൻ ടി.ആർ. ഉൾപ്പെടെ 7 പേർക്ക് സിവിൽ സർവ്വീസ് ലഭിച്ചിട്ടുണ്ട്. വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br>1) 2001-02 V.K. പ്രശാന്ത് - IRS<br>2) 2002-03 K. സേതുരാമൻ - IPS<br>3) 2002-03 അനിൽകുമാർ - IRTS<br>4) 2003-04 കെ.കെ.സുജ – IRTS<br>5) 2004-05 സുജ സുരേന്ദ്രൻ - IES<br>6) 2009-10 ലൈനബാലൻ - IRS<br>7) 2009-10 മിഥുൻ. റ്റി.ആർ- IRTS<br>2010-11 മിഥുൻ. റ്റി.ആർ IAS |

| | | | |
|---|---|---|---|
| (ബി) | മറ്റ് സമുദായങ്ങളിലെ ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകാറുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബ) | ഉണ്ട്. ഗവേണിംഗ് ബോഡി തീരുമാനം അനുസരിച്ച് 30 സീറ്റിൽ മറ്റർഹസമുദായം, പിന്നോക്കസമുദായം, മുന്നാക്ക സമുദായം എന്നിവർക്ക് ഓരോ സീറ്റ് വീതം നൽകിവരുന്നു. |
| (സി) | ഈ സ്ഥാപനത്തിൽ പരിശീലനം ലഭിച്ച പട്ടികജാതിക്കാരല്ലാത്ത എത്ര ഉദ്യോഗാർത്ഥികൾക്ക് ഐ.എ.എസ് ലഭിച്ചിട്ടുണ്ട്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (സി) | പട്ടികജാതിയിൽ ഉൾപ്പെടാത്ത ആർക്കും ഐ.എ.എസ്. ലഭിച്ചിട്ടില്ല. ഒരാൾക്ക് സിവിൽ സർവ്വീസ് ലഭിച്ചിട്ടുണ്ട്. 2009-10 ൽ കുമാരി ലൈനബാലൻ, IRS (പിന്നോക്ക സമുദായം). |
| (ഡി) | കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ എത്ര രൂപയാണ് ഈ സ്ഥാപനത്തിന് വേണ്ടി നീക്കി വച്ചത്. അതിൽ എത്ര രൂപാ ചെലവഴിച്ചിട്ടുണ്ട്? | (ഡി) | 2010-11 ൽ 40 ലക്ഷം രൂപ ബഡ്ജററിൽ വകയിരുത്തിയിരുന്നു. അതിൽ 30 ലക്ഷം രൂപയാണ് അനുവദിച്ചത്. 45,15,744/- രൂപയാണ് ചെലവഴിച്ചത്. (മുൻ വർഷങ്ങളിൽ മിച്ചംവന്ന തുകയും കൂടി ചേർത്താണ് ചെലവഴിച്ചിട്ടുള്ളത്). 2011-12 ൽ 59,55,518/- രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ 46,45,243/- രൂപയാണ് ചെലവഴിച്ചത്. |

സെക്ഷൻ ഓഫീസർ